**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2800** **12-07-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാർ ബഫർസോൺ നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർ സോണായി കരുതുമെന്ന സുപ്രീംകോടതി വിധി പ്രദേശത്തെ ഏത് രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ബഹു. സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയെത്തുടർന്ന് ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ൽ ചേർന്ന യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ മാത്രമേ സംരക്ഷിത വന മേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോല മേഖല വന്നുകഴിഞ്ഞാൽ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ സമീപപ്രദേശം ഉൾപ്പെടെയുള്ള സ്ഥലങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളു. |
| (ബി) | പാറശാല മണ്ഡലത്തിലെ അമ്പൂരി, കളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകളെ ബഫർസോൺ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാവുമോ; | (ബി) | നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റം ഇക്കോ സെൻസിറ്റീവ് പ്രഖ്യാപിക്കുന്നതിനായി നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള പ്രൊപ്പോസൽ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ളതാണ്.അത് അംഗീകരിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ് |
| (സി) | നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ബഫർ സോൺ | (സി) | ബഹു.സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധി |

| | | |
|---|---|---|
| | നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി നിയമ നിർമ്മാണം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെ കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു.സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു. സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, ജനവാസകേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ബഹു. സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് റിവ്യൂ /മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ 30.06.2022-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനപ്രകാരം നിയമനിർമ്മാണത്തിനുള്ള സാധ്യത പരിശോധിയ്ക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ